**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1412 20.01.2014 - ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| **ചോദ്യം**<br>**ശ്രീ.കെ.വി.വിജയദാസ്** | | **ഉത്തരം**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|---|
| (എ) കേരളത്തിലെ ദേശീയപാത വികസനത്തിന് 45 മീറ്റർ വീതി ആക്കി നിജപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകുമോ; ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;<br><br>(ബി) ഇപ്രകാരം 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ ദേശീയപാത വികസന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമോ; എങ്കിൽ എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ ദേശീയപാതകളിൽ എൻ.എച്ച്.17 ഉം എൻ.എച്ച്. 47 ഉം ആണ് 45 മീറ്റർ (Right Of Way) വീതിയിൽ സ്ഥലമെടുത്ത് സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ എൻ.എച്ച്. 47 - ലെ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള 4 വരിപ്പാതയാക്കലിനും വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ 6 വരി പാതയാക്കലിനും കരാർ നൽകി കഴിഞ്ഞിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ നല്ല പുരോഗതിയിലാണ്. എൻ.എച്ച്.17 -ൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തും, കാസർഗോഡ് ടൗൺ, കണ്ണൂർ ബൈപ്പാസ്, കൊയിലാണ്ടി, വെണ്ണിയൂർ പറമ്പ്, പുത്തനങ്ങാടി എന്നീ ഭാഗങ്ങളിലും മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിലും എൻ.എച്ച്. 47 ൽ |

ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിലും അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ നിലവിലുള്ളതിനാൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകൾ പ്രകാരം ആവശ്യമുള്ള സ്ഥലത്തിന്റെ 80% ഏറ്റെടുത്തു നൽകിയാൽ മാത്രമേ എൻ.എച്ച്.എ.ഐ. പ്രവൃത്തി ആരംഭിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ